കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

## ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in, dotvm.ksad@kerala.gov.in

നം.കെ.എസ്.എ.റ്റി.വി.എം/മിസ്.l/1694/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി: 11.10.2019

Phone No: 0471-2331231

Email: lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

സെക്രട്ടറി,
മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
പൂജപ്പുര, തിരുവനന്തപുരം

സർ,

വിഷയം: കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം -മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/മിസ്.I/1694/2019 തീയതി 11.10.2019

<u>മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2018-19വർഷത്തെ വരവ്/ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

| | | |
|---|---|---|
| ഓഡിറ്റ് ചെയ്യാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, തസ്തികയും | : | ശ്രീ. എ.മുഹമ്മദ് നിസാർ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ലതാകുമാരി.എം., ഓഡിറ്റ് ഓഫീസർ |
| ഓഡിറ്റ് നടത്തിയ തിയതി | : | 16-08-2019 |
| <u>ഉത്തരവാദിയായ ഉദ്യോഗസ്ഥർ</u> | | |
| 1.പ്രസിഡന്റ് | : | ഡോ.എൻ.പി.ഉണ്ണി 01.04.2018 മുതൽ 31.03.2019വരെ |
| 2. സെക്രട്ടറി | : | ശ്രീ. എസ്. ജയശങ്കർ 01.04.2018 മുതൽ 31.03.2019 വരെ |
| 3. അഡ്. ഓഫീസർ | : | ശ്രീ. ആർ.ഗോവിന്ദൻ നായർ, 01.04.2018 മുതൽ 31.03.2019 വരെ |

## <u>ഭാഗം -1</u>

## <u>പൊതു അവലോകനം</u>

### 1-1 ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2018-19 വർഷത്തെ വരവ് ചെലവ് കണക്കുകളും, കേരളാ സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റിന്റെ വിനിയോഗവും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

### 1-2 പൊതു അവലോകനം

1895-ലെ തിരുവിതാംകൂർ-കൊച്ചി ലിറ്റററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള ചരിത്രം, സംസ്കാരം, മലയാള സാഹിത്യം, കല എന്നിവയിൽ ഗവേഷണം നടത്തുക, മഹാകവി ഉള്ളൂരിനെയും അദ്ദേഹത്തിന്റെ സാഹിത്യ പ്രവർത്തനങ്ങളെയും സംബന്ധിച്ച് ഗവേഷണം നടത്തുക, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഇന്ത്യൻ ഭാഷകളിൽ ഗവേഷണം നടത്തുന്നതിനു സൗകര്യം ചെയ്യുക, മഹാകവി ഉള്ളൂരിന്റെ സ്വകാര്യ ലൈബ്രറി സൂക്ഷിക്കുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. ഇതിനോടനുബന്ധിച്ച് ബൃഹത്തായ ഒരു ലൈബ്രറിയും, വായനശാലയും പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനത്തിന് വർഷം തോറും വിവിധ സ്രോതസ്സുകളിൽ നിന്ന് ധനസഹായവും ലഭിക്കുന്നു. ജി.ഒ.(എം.എസ്) 131/80/ഹയർ/എഡ്യൂ.തീയതി. 06.09.1980 ജി.ഒ.(ആർ.റ്റി) 38/95/സി.എ.ഡി/തീയതി. 01.02.1995 എന്നീ ഉത്തരവുകൾ പ്രകാരം ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-3 ബജറ്റ്

മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ ചട്ടം 5(5) അനുസരിച്ച് 2018-19-ലെ വാർഷിക ബജറ്റ് 26.02.2018-ന് ചേർന്ന ഗവേണിംഗ് ബോഡി അംഗീകരിച്ചു. 941000/- രൂപ വരവും, 893000/-രൂപ ചെലവും 48000/-രൂപ മിച്ചവും വരുന്ന ബജറ്റാണ് അംഗീകരിച്ചത്.

# ഭാഗം -2
# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരവുകൾ

സർക്കാരിൽ നിന്നുള്ളതും, ലൈബ്രറി കൗൺസിലിൽ നിന്നുള്ളതുമായ ധനസഹായം, സംഭാവന, ഹാൾ, കെട്ടിടം എന്നിവയിൽ നിന്നുമുള്ള വാടക, വരിസംഖ്യ എന്നിവയാണ് 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ച പ്രധാന വരവുകൾ.

## 2-2 സർക്കാർ ധനസഹായം

2018-19 സാമ്പത്തിക വർഷം 5,00,000/- രൂപ സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്. ജി.ഒ.(ആർ.ടി) നം. 135/2017/സി.എൽ.എ.ഡി, തീയതി 10.03.2017 പ്രകാരമാണ്. വാർഷിക ധനസഹായം 5 ലക്ഷം രൂപയായി ഉയർത്തിയിട്ടുള്ളത്.

| ക്രമ നം. | ഉത്തരവ് / നടപടിക്രമം നം. | തുക |
|---|---|---|
| 1 | നം. എ1/4899/18/സാം.വ, തീ.07.05.2018 | 1 50,000 |
| 2 | നം. എ1/4899/18/സാം.വ, തീ.15-11-2018 | 200000 |
| 3 | നം. എ1/4899/18/സാം.വ, തീ.21/12/2018 | 1,50,000 |
| | **ആകെ** | 5,00,000.00 |

## 2-3 സംസ്ഥാന ലൈബ്രറി കൗൺസിലിൽ നിന്നുള്ള ധനസഹായം

2018-19 വർഷം സംസ്ഥാന ലൈബ്രറി കൗൺസിലിൽ നിന്നും വാർഷിക ഗ്രാന്റിനത്തിൽ 32000/- രൂപയും, സ്പെഷ്യൽ

അലവൻസ് ഇനത്തിൽ (ലൈബ്രേറിയൻ അലവൻസ്) 30600/- രൂപയും വരവ് വന്നിട്ടുണ്ട്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 2018-19വർഷത്തെ ഗ്രാന്റ് വിനിയോഗം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 893336.20/- |
| കുറയ്ക്കുക | |
| ഉള്ളൂർ അവാർഡ് | 10000.00/- |
| സെക്രട്ടറിയിൽ നിന്നുള്ള അഡ്വാൻസ് | 127149.00/- |
| ആകെ | 756187.00/- |

2018-19 വർഷം ഗ്രാന്റിനത്തിൽ ലഭിച്ച 5,00,000/- രൂപ ചെലവഴിച്ചതായി ഓഡിറ്റിൽ കണക്കാക്കുന്നു.

### 3-2 വാർഷിക കണക്ക്

സ്ഥാപനം നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ വാർഷിക കണക്ക് ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ Income & Expenditure Statement-ന്റെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സാമ്പത്തികനില

| | |
|---|---|
| മുന്നിരിപ്പ് | 375962.03 |
| വരവ് | 941907.00 |
| ആകെ | 1317869.03 |
| ചെലവ് | 893336.20 |
| നീക്കിയിരിപ്പ് | 424532.83 |

നീക്കിയിരിപ്പിന്റെ വിശദാംശം

| | |
|---|---|
| കയ്യിരിപ്പ് പണം | 303.00 |
| എസ്.ബി.ഐ. 57004956811 | 112244.18 |
| എസ്.ബി.റ്റി. 57004963851 | 6903.65 |
| എസ്.ബി.ഐ. 38154713345 | 10082.00 |
| സ്ഥിര നിക്ഷേപം | 295000.00 |
| | |

| | |
|---|---|
| ആകെ | 424532.83 |

ഈ സ്ഥാപനത്തിന്റെ 2018-19 വർഷത്തെ വരവ് ചെലവ് പത്രികയും, ഓഡിറ്റ് സർട്ടിഫിക്കറ്റും ഈ റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 4-2 സ്ഥിരനിക്ഷേപം

| | |
|---|---|
| മുന്നിരിപ്പ് | 295000/- |
| തൻവർഷം പിൻവലിച്ചത് | 0 |
| ആകെ | 295000/- |
| തൻവർഷം നിക്ഷേപിച്ചത് | 0 |
| നീക്കിയിരിപ്പ് | 295000/- |

സ്ഥിരനിക്ഷേപത്തിന് അർഹമായ പലിശ ലഭിക്കുന്നില്ല.

വിവിധ അക്കൗണ്ടുകളിൽ നിന്നായി ലഭിക്കേണ്ടിയിരുന്ന പലിശ പൂർണ്ണമായി ലഭിക്കുന്നില്ല. ഉദാ: ഇടമലയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നം. 6553 ലെ സ്ഥിരനിക്ഷേപമായ ₹50000/-ക്ക് ലഭിക്കേണ്ടിയിരുന്ന പലിശ ₹5250/- ആയിരുന്നു. എന്നാൽ ₹4375/- മാത്രമേ ലഭിച്ചിട്ടുള്ളൂ. സ്ഥിരനിക്ഷേപത്തിന് ലഭിക്കേണ്ട അർഹമായ പലിശ നേടിയെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 ഓഡിറ്റ് ചാർജ്

| | | |
|---|---|---|
| 2018-19 വർഷത്തെ ആകെ വരവ് | | 941907/- |
| കുറയ്ക്കുക<br>സർക്കാർ ഗ്രാന്റ് : - | 500000/- | |
| ലൈബ്രറി കൗൺസിൽ ഗ്രാന്റ് : | 32000/- | |
| സെക്രട്ടറി നൽകിയ അഡ്വാൻസ് : | 127149/- | |
| ലൈബ്രറി കൗൺസിൽ സ്പെഷ്യൽ ഗ്രാന്റ് | 5625/- | |
| ലൈബ്രേറിയൻ അലവൻസ് | 32350 | 697124/- |
| ആകെ | | 244783.00/- |

ഓഡിറ്റ് ചാർജ് @ 1% : = 2448

2018-19ൽ ഒടുക്കിയ 2017-18 വർഷത്തെ ഓഡിറ്റ് ചാർജ് = 2228/-രൂപ ചെക്ക്.നം 415/25.11.2018

ഒപ്പ്

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം-1</u>

## <u>മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജഗതി, തിരുവനന്തപുരം - വരവ്, ചെലവ് പത്രിക-2018-19</u>

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരിപ്പ് | 375962.03 | ശമ്പളം | 147300 |
| ഗവ.ഗ്രാന്റ് | 500000.00 | ശുചീകരണം | 15000.00 |
| ലൈബ്രറി കൗൺസിൽ ഗ്രാന്റ് | 32000.00 | ഓഫീസ് ചെലവ് | 56569.20 |
| ലൈബ്രേറിയൻ അലവൻസ് | 30600.00 | പോസ്റ്റേജ് | 4400.00 |
| സ്ഥിരനിക്ഷേപത്തിന്റെ പലിശ | 32565.00 | കറണ്ട് ചാർജ് | 9767.00 |
| പബ്ലിക് ലൈബ്രറി വരവ് | 6660.00 | സ്പെഷ്യൽ പ്രോഗ്രാം | 123332.00 |
| | | വെള്ളക്കരം | 2833.00 |
| ഹാൾ വാടക | 198250.00 | ലൈബ്രറി കൗൺസിൽ സബ്സ്ക്രിപ്ഷൻ | 600 |
| മറ്റു വരവുകൾ | 3850.00 | കൺവേയൻസ് | 5413.00 |
| സെക്രട്ടറിയുടെ അഡ്വാൻസ് | 127149.00 | ടെലിഫോൺ ചാർജ് | 10403.00 |
| ഇലക്ട്രിസിറ്റി, വാട്ടർ ചാർജ് | 3458.00 | സിറ്റിംഗ് ഫീ | 3200.00 |
| ലൈബ്രേറിയൻ അലവൻസ് | 1750.00 | വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ് | 34200 |
| സ്പെഷ്യൽ ഗ്രാന്റ് | 5625 | റെമ്യൂണറേഷൻ | 3000 |
| | | കാവ്യകഥനം | 69723 |
| | | ന്യൂസ് പേപ്പർ ചാർജ് | 20489.00 |
| | | ഉള്ളൂർ അവാർഡ് | 10000.00 |
| | | സ്റ്റേഷനറി | 10321. |
| | | ലൈബ്രേറിയൻ അലവൻസ് | 30600.00 |
| | | ഓണം അലവൻസ് | 1750.00 |
| | | ഓണം ആഘോഷ അലവൻസ്- ലൈബ്രറിക്ക് നൽകിയത് | 12000.00 |
| | | പുസ്തകങ്ങൾ വാങ്ങിയത് | 24824.00 |
| | | ബുക്ക് ബൈൻഡിംഗ് | 15150.00 |
| | | ഓഡിറ്റ് ഫീ - കെ.എസ്.എ.ഡി | 2228. |
| | | ഫോട്ടോ ചാർജസ് | 5918 |
| | | പൂജ ആഘോഷം | 1500.00 |
| | | പ്രിന്റിംഗ് ചാർജസ് | 37800 |
| | | കെട്ടിട അറ്റകുറ്റപ്പണി | 107867 |
| | | സെക്രട്ടറിയുടെ അഡ്വാൻസ് തിരികെ നല്കിയത് | 127149. |
| | | [illegible] | |

| | | | |
|---|---|---|---|
| | | മറ്റ് ചെലവുകൾ | |
| | | നീക്കിയിരിപ്പ് | |
| | | കയ്യിരിപ്പ് പണം | 303.00 |
| | | (SBI57004956811) | 112244.18 |
| | | (SBI57004963851) | 6903.65 |
| | | സ്ഥിരനിക്ഷേപം | 295000.00 |
| | | (SBI 38154713345) | 10082.00 |
| ആകെ | 1317869.03 | ആകെ | 1317869.03 |

ഒപ്പ്

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഓഡിറ്റ് സർട്ടിഫിക്കറ്റ്

മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2018-19 വർഷത്തെ കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഓഡിറ്റിന് ആവശ്യമായ എല്ലാ വിവരങ്ങളും യഥാസമയം ലഭ്യമാക്കുകയും അതിൽ നിന്നുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. ഈ നിരീക്ഷണങ്ങളുടെയും, അതിന്മേൽ ലഭിച്ച വിശദീകരണങ്ങളുടെയും, സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളുടെയും രേഖകളുടേയും അടിസ്ഥാനത്തിൽ ഈ സ്ഥാപനം സർക്കാരിൽ നിന്നും ലഭിച്ച ധനസഹായം അതിന്റെ എല്ലാ നിബന്ധനകൾക്കും അനുസൃതമായി വിനിയോഗിക്കുന്നുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**